നം.കെഎസ്എ.കെടിഎം.പി.13/933/2019 തീയതി 12.07.2019

# കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോട്ടയം ജില്ലയിലെ **എലിക്കുളം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.09.2018 മുതൽ 31.05.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 19.06.2019ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ. ഷൈജു.എസ്,ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.06.2019 മുതൽ 19.06.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | അനിതാകുമാരി കെ. എ. | ഓഡിറ്റ് ഓഫീസർ |
| | മനു എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | യോഗേഷ് ആർ. | ഓഡിറ്റർ |
| | ആൽബിൻ സിറിയക്ക് | ഓഡിറ്റർ |

### നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | സുമംഗലാദേവി എം പി | 01.04.2018-31.03.2019 |
| സെക്രട്ടറി | ജോസഫ് പി റ്റി | 01.04.2018-31.03.2019 |

### മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | അജ്മൽ എം | 01.04.2018-03.09.2018 |
| | നിസ്സ ലത്തീഫ് | 04.09.2018-31.03.2019 |
| വെറ്ററിനറി സർജൻ | ഡോ അഭിജിത്ത് തമ്പാൻ | 01.04.2018-11.02.2019 |
| | ഡോ. സ്മിതാ കൈമൾ | 12.02.2019-31.03.2019 |
| വി.ഇ.ഒ എളങ്ങുളം | അമല മാത്യു | 01.04.2018-16.09.2018 |
| | മനു മോഹനൻ | 17.09.2018-21.11.2018 |
| | സന്തോഷ് കുമാർ കെ. ദേവ് | 22.11.2018-5.12.2018 |
| | അരുൺ എസ്. പിള്ള | 06.12.2018-31.03.2019 |
| വി.ഇ.ഒ എലിക്കുളം | സന്തോഷ് കുമാർ കെ. ദേവ് | 01.04.2018-22.06.2018 |

| | | |
|---|---|---|
| | മനു മോഹൻ | 23.06.2018-12.08.2018 |
| | സന്തോഷ് കുമാർ കെ. ദേവ് | 13.08.2018-31.3.2019 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. ജസ്സി എം. കട്ടപ്പുറം | 01.04.2018-31.08.2018 |
| | ഡോ. പത്മരാജൻ | 01.09.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ. അനിൽകുമാർ എൻ. ആർ. | 01.04.2018-06.01.2019 |
| | ഡോ. ബിനോ കെ ജോസ് | 07.01.2019-11.01.2019 |
| | ഡോ. രശ്മി | 12.01.2019-31.03.2019 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ. | ഡോ. സഫിയ എം. | 01.04.2018-31.03.2019 |
| ഐ സി ഡി എസ് സൂപ്പർവൈസർ | സബിനിസ ജെ. | 01.04.2018-31.03.2019 |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | മഹേഷ് പി. മോഹൻ | 01.04.2018-20.06.2018 |
| | ഷീജാമോൾ ജോസഫ് | 21.06.2018-31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ജൂലി ജോസ് | 01.04.2018-31.03.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | സിബി കെ. ജോസ് | 01.04.2018-31.03.2019 |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 പൊതു അവലോകനം** | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് &പെയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പുപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1-1 | വസ്തുനികുതി - ഉപയോഗക്രമം തെറ്റായി വിജ്ഞാപനം ചെയ്ത് വസ്തുനികുതി നിർണ്ണയം നടത്തി |
| 2-1-2 | ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള ഹാളുകൾ/ ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 2-1-3 | മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശിക ഈടാക്കിയിട്ടില്ല |
| 2-2-1 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല |
| 2-2-2 | വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ഡി & ഒ ട്രേഡ് ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടില്ല |

| | |
|---|---|
| 2-3 | ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല |
| 2-4 | വാടക കുടിശിക ഈടാക്കിയിട്ടില്ല |
| 2-5 | ടെണ്ടർ ഫീസ് തിരികെ ലഭിക്കാത്തത് – പഞ്ചായത്തിന് വരുമാനനഷ്ടം |
| **ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | നികുതി പിരിവിനായി സ്വകാര്യവാഹനം വാടകയ്ക്ക് എടുത്തു |
| 3-2 | വാഹനത്തിന്റെ അറ്റകുറ്റപ്പണി – നടപടിക്രമങ്ങൾ പാലിക്കുന്നില്ല |
| 3-3 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ ആർജ്ജിതാവധി ക്രമീകരിക്കേണ്ടതാണ് |
| 3-4 | മരുന്നുകൾ ലഭ്യമായില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-5 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ – പ്രോജക്റ്റ് നിർവ്വഹണത്തിൽ അപാകതകൾ |
| 3-6 | വീട് വാസയോഗ്യമാക്കൽ – സബ്സിഡി പരിമിതപ്പെടുത്തി നൽകുന്നു |
| 3-7 | ലൈഫ് പാർപ്പിടപദ്ധതി നിർവ്വഹണത്തിൽ അപാകതകൾ |
| 3-8 | ശബരിമല സ്പെഷ്യൽ ഗ്രാന്റ് – വിനിയോഗത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല |
| 3-9 | നിക്ഷേപ പ്രവൃത്തികൾ – വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |


# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

17.03.2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 08.02.2019 തീയതിയിലെ 4(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 22.05.2019 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-2019 | 20.05.2019-21.05.2019 |

പരിശോധനയുടെ അടിസ്ഥാനത്തിൽ *22.05.2019*ലെ കെ.എസ്.എ.കെ.ടി.എം പി13/613/2019 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13619365 |
| വരവ് | 70549431 |
| ആകെ | 84168796 |
| ചെലവ് | 67280419 |
| നീക്കിയിരിപ്പ് | 16888377 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 14851000 | 14851000 | 12249862 | 2601138 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 3565000 | 3565000 | 2725000 | 840000 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 235000 | 235000 | 175250 | 59750 |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 6726000 | 6726000 | 6642023 | 83977 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 0 | 3077000 | 3077000 | 3052658 | 24342 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 8768993 | 8768993 | 6887825 | 1881168 |
| സമ്പൂർണ്ണ ശുചിത്വയജ്ഞം | | 2480 | 0 | 2480 | 0 | 2480 |
| ഐ സി ഡി എസ് | | 530553 | 489402 | 1019955 | 773472 | 246483 |
| ശുചിത്വ മിഷൻ | | 889888 | 160000 | 1049888 | 160000 | 889888 |
| ശബരിമല സ്പെഷ്യൽ ഗ്രാന്റ് | | 1078841 | 503848 | 1582689 | 845037 | 737652 |
| ദുരിതാശ്വാസനിധി | | 930 | 7281 | 8211 | 0 | 8211 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 10587411 | 10587411 | 10587411 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1359 | 229083 | 230442 | 229771 | 671 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 359325 | 3074103 | 3433428 | 2223145 | 1210283 |
| | ജില്ലാ പഞ്ചായത്ത് | 8700 | 2010304 | 2019004 | 1520288 | 498716 |
| ബി ഫണ്ട് | | 0 | 36404200 | 36404200 | 36404200 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 9934247 | 46382988 | 56317235 | 52706588 | 3610647 |
| | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ) | 391362 | 9555181 | 9946543 | 8341709 | 1604834 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 214 | 72212828 | 144 | 44650511 | 17 | 53 | 67% |

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 1.3.19 ലെ ഉത്തരവു നം. 490/18/ DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്.പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 27.1.18 മുതൽ15.2.18 വരെ |
| ഭിന്നശേഷി ഗ്രാമസഭ | 19.2.18 |
| ഊരുകൂട്ട ഗ്രാമസഭ | 6.2.18 |
| വികസനസെമിനാർ | 6.3.18 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 7,22,12,828/- രൂപയും ആകെ ചെലവ് 4,46,50,511/- രൂപയുമാണ്. ചെലവുശതമാനം 62%. ലഭ്യമായ വികസനഫണ്ട് 2,89,46,839/- രൂപയിൽ 2,20,37,937/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവു ശതമാനം 76%.

2018-19 കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തെരഞ്ഞടുക്കൽ, നടത്തിപ്പ്, പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ പ്രോജക്ടുകൾ എല്ലാ മേഖലകളിലും നടപ്പാക്കാൻ സാധിച്ചിട്ടുണ്ടെന്ന് കാണുന്നു. നടപ്പാക്കാത്ത പ്രോജക്ടുകളധികവും അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായുള്ള അങ്കണവാടികളുടെ പുനരുദ്ധാരണ പ്രവൃത്തികളാണ്. അംഗീകാരം ലഭിച്ച 214 പ്രോജക്ടുകളിൽ 144 എണ്ണം പൂർണ്ണമായും 17 എണ്ണം ഭാഗികമായും നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സമയോചിതമായ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല. മാലിന്യനിർമ്മാർജ്ജനത്തിന് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ കെട്ടിടം നിർമ്മിച്ചെങ്കിലും പ്രവർത്തനമാരംഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ വികസനകാര്യ/ ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. എെസിഡിഎസ് സൂപ്പർവൈസർ നടപ്പാക്കിയ ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ എന്ന പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിൽ ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടവും നിരീക്ഷണവും ഉണ്ടായതായി കാണുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അധികാരപരിധിയിൽപ്പെട്ട വിഷയമേഖലകളിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണവും തുടർനിരീക്ഷണവും ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മിറ്റി തലത്തിൽ നടത്തപ്പെടേണ്ടതാണ്. ശബരിമല സ്പെഷ്യൽ ഗ്രാന്റിന്റെ വിനിയോഗത്തിൽ സർക്കാർ നിഷ്ക്കർഷിച്ച മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

**<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>**

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലെന്ന് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചിട്ടില്ല.

**<u>മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല</u>**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്.എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇതു സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-7 തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പു പദ്ധതിയുടെ 2018-19 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2018-19 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 132 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 82 പ്രോജക്ടുകളിൽ 16 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2018-19 വർഷം 34844 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 522 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, പടുതാക്കുളം, എന്നിവയാണ് ഏറ്റെടുത്ത പ്രവൃത്തികൾ. ധനകാര്യപത്രിക പ്രകാരമുള്ള 2018-19 വരവുചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1359 | 229083 | 230442 | 229771 | 671 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്. | 0 | 10587411 | 10587411 | 10587411 | 0 |
| ആകെ | 1359 | 10816494 | 108178573 | 10817182 | 671 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 43800 | 26 |
| കർഷകതൊഴിലാളി പെൻഷൻ | 2018600 | 174 |
| വിധവാ പെൻഷൻ | 7604300 | 645 |
| വാർദ്ധക്യകാല പെൻഷൻ | 23041300 | 2087 |
| വികലാംഗ പെൻഷൻ | 3102600 | 265 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 473600 | 38 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.06.2019 തീയതിയിൽ 3:30 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 5728/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

**<u>പൊതുവായനിയന്ത്രണം</u>**

ഭരണക്രമം സുഗമമാക്കുന്നതിനായി വിവിധ തസ്തികകളിലെ ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവിലൂടെ കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ അടിക്കടി ഉണ്ടായ ജീവനക്കാരുടെ സ്ഥലം മാറ്റം പൊതുവായ നിയന്ത്രണത്തെ ബാധിച്ചിട്ടുണ്ട്. മറ്റ് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം ലഭിച്ച് പോകുന്ന ഉദ്യോഗസ്ഥർ അവർ കൈകാര്യം ചെയ്തിരുന്ന ഫയലുകൾ പകരക്കാരന് കൈമാറ്റം ചെയ്യാതെ തന്നെ വിടുതൽ ചെയ്യുന്ന സാഹചര്യവുമുണ്ട്.

**<u>അക്കൗണ്ടിംഗ് സമ്പ്രദായം</u>**

സാംഖ്യ സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചുവരുന്നു. വരവുകളും ചെലവുകളും കൃത്യമായ ശീർഷകത്തിൽ യഥാസമയത്ത് രേഖപ്പെടുത്തുന്നുണ്ട്.

**<u>നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണം</u>**

വസ്തുനികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. എന്നാൽ നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്.

**<u>ചെലവ് രേഖകളുടെ സൂക്ഷിപ്പ്</u>**

ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകൾ ക്രമമായി നമ്പരിട്ട് അനുബന്ധ രേഖകളോടൊപ്പം ബൈന്‍റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

**<u>സാധനങ്ങളുടെയും സേവനങ്ങളുടെ സമാഹരണത്തിലുള്ള നിയന്ത്രണം</u>**

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ (സ.ഉ(പ്രി)നം.259/2010/ത.സ്വ.ഭ.വ, 08.11.2010), കേരള സ്റ്റോർ പർച്ചേസ് മാനുവൽ എന്നിവയിലെ നിർദേശങ്ങൾ പാലിച്ചുകൊണ്ട് സാധനങ്ങളും സേവനങ്ങളും സമാഹരിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ഹാർഡ്‍വെയറിനും സോഫ്റ്റ്‍വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 11.11.2014ലെ സർക്കുലർ നം.74207/ഐ ബി 1/2013/ത.സ്വ.ഭ.വ യിൽ നിർദേശിച്ചിരിക്കുന്ന മാതൃകയിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്‍റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.04.2019 | 02/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്‍റ് ജനറലിന്‍റെ ഓഡിറ്റ് | 24.04.2016 | 2012-13 മുതൽ 2015-16 വരെ | LBA(HQ)II/8A-2459/12, 05.07.2016 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. 26/07/2011-ലെ ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല.
2. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാഹനത്തിന്‍റെ (KL-34B-774 Bolero) ആസ്തിമൂല്യം നിശ്ചിത സാംഖ്യ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
3. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്‍റെ (Land) അക്കൗണ്ടിങ്ങ് 31.03.2019 വരെ ആരംഭിച്ചിട്ടില്ല.
4. വസ്തുനികുതി വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി. പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
5. തൊഴിലുറപ്പ് പദ്ധതിയുടെ (MNREGS) ഭരണ ചെലവുകൾ (സാംഖ്യ ശീർഷകം-251300801) റസീറ്റ് & പേയ്മെന്‍റ് പത്രികയിലെ RP-16 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്‍റെ പ്രത്യേക ഭാഗം]

<u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1-1 വസ്തുനികുതി- ഉപയോഗക്രമം തെറ്റായി വിജ്ഞാപനം ചെയ്ത് വസ്തുനികുതി നിർണ്ണയം നടത്തി

14.01.2011ലെ സ.ഉ.(അ)നം.19/2011/ത.സ്വ.ഭ.വ. പ്രകാരം ഗ്രാമപഞ്ചായത്തിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്‍റെ ഉപവിഭാഗത്തിനും ഒരു ച.മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ പട്ടികയിലെ ക്രമ നം.2(V) പ്രകാരമുള്ള കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം ബാങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്‍ററുകൾ, ഫ്യുവൽ സ്റ്റേഷൻ എന്നാണ്. എന്നാൽ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചപ്പോൾ ബാങ്കുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളും മേൽ പരാമർശിത ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടത്തിന്‍റെ വിശദാംശങ്ങൾ | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | 15/185- എലിക്കുളം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 180 |
| 2 | 13/426- ഇളംകുളം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, പന്തമാക്കൽ | 244.36 |
| | | |

| | | |
|---|---|---|
| 3 | 4/143- എലിക്കുളം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, കാരക്കുളം | 43.04 |
| 4 | 8/297- ഇളംകുളം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, പനമറ്റം | 54.75 |
| 5 | 8/369- ഇളംകുളം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, | 36 |
| 6 | 12/601- സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, കൂരാലി | 30 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/15.06.19) മറുപടിയായി സ്ഥലപരിശോധന നടത്തി കെട്ടിടങ്ങളുടെ യഥാർത്ഥ ഉപയോഗക്രമത്തിലേക്ക് മാറ്റുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. പരാമർശിത കെട്ടിടങ്ങളുടെ ഉപയോഗക്രമം പുനർനിർണ്ണയിക്കേണ്ടതും വസ്തുനികുതി വിജ്ഞാപനത്തിലെ കെട്ടിടങ്ങളുടെ വിവരണത്തിലെ തെറ്റ് തിരുത്തി വിജ്ഞാപനം ഭേദഗതി വരുത്തി വിവരം അറിയിക്കേണ്ടതുമാണ്.

## 2-1-2 ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള ഹാളുകൾ/ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന ഹാളുകൾ/ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി സ.ഉ(എം.എസ്)നം. 20/2011, 04.01.2011 ന്റെ അടിസ്ഥാനത്തിൽ ഇവയ്ക്ക് ബാധകമായ നിരക്കിൽ പരിഷ്കരിച്ചതായി കാണുന്നില്ല.

1. എസ് എൻ ഡി പി യോഗം ശാഖാ 44, ഇളങ്ങുളം
2. എൻ എസ് എസ് ഓഡിറ്റോറിയം, ഉരുളികുന്നം
3. എലിക്കുളം ശ്രീ ഭഗവതി ക്ഷേത്രം ഓഡിറ്റോറിയം, മഞ്ചക്കുഴി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കി വച്ചിട്ടുള്ളതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളിൽ നിന്ന് വാടക ഈടാക്കി സേവനം വിട്ടുനൽകുന്ന ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങൾ, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകൾ എന്നിവയ്ക്ക് മേൽ പരാമർശിത ചട്ടപ്രകാരം അവയ്ക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി ചുമത്തേണ്ടതാണ്. എം ജി എം സ്കൂൾ ഓഡിറ്റോറിയം, എലിക്കുളത്തിന് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഓഡിറ്റോറിയങ്ങൾക്ക് ബാധകമായ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ തൻവർഷത്തെ വിവാഹ രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത ഓഡിറ്റോറിയത്തിൽ വിവാഹങ്ങൾ നടന്നതായി കാണുന്നു. വിഷയം സംബന്ധിച്ച് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18.06.19 തീയതിയിലെ 9-ാം നമ്പർ എൻക്വയറി) പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണത്തിന് ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കളിൽ നിന്ന് വാടക ഈടാക്കി സേവനം വിട്ടുനൽകുന്ന ഓഡിറ്റോറിയങ്ങളും വിദ്യാഭ്യാസ ആവശ്യത്തിന്റെ പേരിൽ ഇളവ് നേടിയിട്ടുള്ള ഓഡിറ്റോറിയങ്ങളും കണ്ടെത്തി അവയ്ക്ക് ബാധകമായ നിരക്കിൽ വസ്തു നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-1-3 മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശിക ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്ന ബി.എസ്.എൻ.എൽ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ (നമ്പർ 16/426, വിസ്തീർണ്ണം 35 ച.മീ) വസ്തുനികുതി നാളിതു വരെ ഈടാക്കിയിട്ടില്ല. ഈയിനത്തിൽ 2013-14 സാമ്പത്തിക വർഷം മുതൽ 2018-19 വരെ 156555/- രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (നം.6 തീയതി 15.06.19) നികുതി ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. പ്രസ്തുത ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

സ്ഥാപനത്തിന്റെ 2018-19 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് പനമറ്റം ബി.എസ്.എൻ.എൽ, പനമറ്റം എന്ന സ്ഥാപനത്തിൽ നിന്ന് വിറ്റുവരവിന് ആനുപാതികമായ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ബി.എസ്.എൻ.എൽ-ൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2-2 വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ഡി & ഒ ട്രേഡ് ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടില്ല.

ഡി & ഒ ട്രേഡ് ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ആധികാരികമായ ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. ഓരോ വർഷത്തെയും ലൈസൻസ് അപേക്ഷാ രജിസ്റ്റർ മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ച് വരുന്നത്. ഡി & ഒ ട്രേഡ് ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം 298 സ്ഥാപനങ്ങളാണ് ലൈസൻസിനായി അപേക്ഷ നൽകിയത്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2018-19 വർഷം ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 711 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 89 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ ബങ്കുകൾ | 32 |
| ഓഫീസ് ആവശ്യം | 62 |
| വ്യവസായാവശ്യത്തിനുള്ള -കൈത്തറിഷെഡ്, കയർപിരിഷെഡ് | 245 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 26 |
| ആകെ എണ്ണം | 1165 |

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിശദാംശം പ്രകാരം, പഞ്ചായത്ത് പരിധിയിൽ 1165 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 298 ലൈസൻസാണ് തൻവർഷം പഞ്ചായത്ത് നൽകിയിട്ടുള്ളത്. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി പഞ്ചായത്തിലെ എല്ലാ വാണിജ്യ-വ്യവസായ സ്ഥാപനങ്ങളെയും ഡി ആന്റ് ഒ പരിധിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രെയ്ഡേഴ്സ് ലിസ്റ്റ് ആധികാരികമായി തയ്യാറാക്കി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാരികളെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-3 ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്നു ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഈറോസ് മെറ്റൽസ്, നരിയാനി | 30 |
| 2 | ഈറോസ് വുഡ് ഫാ, നരിയാനി | 5 |
| 3 | ഈറോസ് ഇൻഡീരിയേഴ്സ് | 5 |
| 4 | പ്രിയം കറി പൗഡർ, എലിക്കുളം | 14 |
| 5 | അമ്മ ഇൻഡെയ്ൻ സർവ്വീസ്, ചെങ്ങളം | 4 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീയതി 15.06.19) പ്രസ്തുത സ്ഥാപനങ്ങൾ അന്യ സംസ്ഥാന തൊഴിലാളികൾ, വാഹനം ഓടിക്കുന്ന ഡ്രൈവർമാർ, എന്നിവരുടെ എണ്ണമാണ് തൊഴിലാളികളുടെ എണ്ണമായി കൊടുത്തിരിക്കുന്നതെന്നും ആയതിനാൽ ടി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഒഴിവാക്കണമെന്നും മറുപടി ലഭ്യമാക്കി. എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (i) (ii) (iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. ആയതിനാൽ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിലെയും നിയമാനുസൃത ഇളവുകളില്ലാത്ത തൊഴിൽനികുതി പരിധിയിൽ ഉൾപ്പെടുന്ന ജീവനക്കാരെ തൊഴിൽ

നികുതി ഡിമാൻഡിലേക്ക് കൊണ്ടുവരേണ്ടതാണ്. ഇതോടൊപ്പം മെഡിക്കൽ സ്റ്റോറുകളിലെ ജീവനക്കാർ, പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തി കരാറുകാർ തുടങ്ങിയവരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

### 2-4 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

2017-18 വർഷം i/160 എന്ന മുറി ലേലം കൊണ്ട (പ്രതിമാസം 1470 രൂപ വാടകക്ക്) ശ്രീമതി ഉഷ സാബു വാടക ഒടുക്കാത്തതിനാൽ മുറിയുടെ ലേലം 26.06.18 തീയതി നടത്തി ശ്രീമതി റീനമോൾ ജോസഫിന് (പ്രതിമാസം 1770 രൂപ വാടകക്ക് ) ലേലം ഉറപ്പിച്ച് കൊടുക്കുകയും ആയത് 10.07.18 തീയതിയിലെ 7(1) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടിയാരി പഞ്ചായത്തുമായി കരാർ ചമയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ i/160 നമ്പർ മുറി പുനർ ലേലം ചെയ്യുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചു. (21.08.18 തീയതിയിലെ 17/1 നമ്പർ തീരുമാനം). തുടർന്ന് 06.09.18 തീയതി പുനർലേലം നടത്തി ശ്രീമതി ഷേർളി സോജന് 1800 രൂപ മാസ വാടകക്ക് ലേലം ഉറപ്പിച്ച് കൊടുക്കുകയും ആയത് 11.09.18 തീയതിയിലെ 6(1) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 ലെ വാടക രജിസ്റ്റർ പ്രകാരം ശ്രീമതി ഷേർളി സോജൻ 2018 സെപ്റ്റംബർ മാസം 900 രൂപയും (15.09.18 മുതൽ 30.09.18 വരെയുള്ള വാടക) തുടർന്നുള്ള മാസങ്ങളിൽ 1800/- രൂപ വീതവും മുറി വാടക അടവാക്കിയിട്ടുണ്ട്. i/160 മുറി ലേലത്തിനെടുത്തവരുടെ അനാസ്ഥ മൂലം 01.04.17 മുതൽ 15.09.18 വരെയുള്ള കാലയളവിലെ ടി മുറിയുടെ വാടകയിനത്തിലുള്ള വരുമാനം പഞ്ചായത്തിന് നഷ്ടമായി. പ്രസ്തുത നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക് (നം 4 തീയതി 15.06.19) വരുമാന നഷ്ടത്തിനുത്തരവാദികളായ ശ്രീമതി ഉഷ ബാബു, ശ്രീമതി റീനമോൾ ജോസഫ് എന്നിവരിൽ നിന്ന് വാടക ഇനത്തിലുള്ള വരുമാന നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. വാടക കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 2-5 ടെണ്ടർഫീസ് തിരികെ ലഭിക്കാത്തത് - പഞ്ചായത്തിന് വരുമാനനഷ്ടം

2017-18 വർഷം ഇ-ടെണ്ടർ ചെയ്ത താഴെപ്പറയുന്ന മരാമത്തുപ്രവൃത്തികളുടെ ടെണ്ടർഫീസ്,EMD,സെക്യൂരിറ്റി നിക്ഷേപം എന്നിവ എക്സിക്യൂട്ടീവ് എഞ്ചിനിയർ, കോട്ടയത്തിന്റെ അക്കൗണ്ടിലാണ് അടവാക്കിയിട്ടുള്ളത്. ഇതിൽ ടെണ്ടർ ഫീസിനത്തിലുള്ള തുക തിരികെ ലഭിക്കാത്തതുമൂലം പഞ്ചായത്തിന് വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്.

| പ്രോജക്ടിന്റെ വിവരങ്ങൾ | PAC | ടെണ്ടർ ഫീസ് |
|---|---|---|
| നം.56/19 പഞ്ചായത്താഫീസ് കെട്ടിടനിർമ്മാണം | 1,24,44,444 | 28000 (5600x5) |
| 86/19 വെള്ളാങ്കാവ് ജലസേചനക്കുളത്തിന് സംരക്ഷണഭിത്തി നിർമ്മാണം | 8,13,745 | 4032 (2016x2) |
| 125/19 കാണിക്കമണ്ഡപം തോട്ടുങ്കൽ റോഡിന് പാലംനിർമ്മാണവും റീടാറിംഗും | 10,97,422 | 8400 (2800x3) |
| 220/19 തിയേറ്റർപ്പടി വട്ടന്താനം റോഡിൽ പാലം നിർമ്മാണം | 11,24,920 | 5600 (2800x2) |
| ആകെ | | 46032 |

ഇ-ടെണ്ടർ സമർപ്പിച്ച മേല്പറഞ്ഞ പ്രവൃത്തികളുടെ ടെണ്ടർ ഫീ, EMD, സെക്യൂരിറ്റിനിക്ഷേപം എന്നിവ സർക്കാർ ഉത്തരവ്(എം.എസ്)318/13/തസ്വഭവ തീയതി 28.9.13-ൽ നിർദ്ദേശിക്കും പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്ന് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നികുതി പിരിവിനായി സ്വകാര്യ വാഹനം വാടകയ്ക്ക് എടുത്തു

ഗ്രാമപഞ്ചായത്തിലെ XIV, XV, XVI വാർഡുകളിലെ നികുതി പരിവിന് വേണ്ടി വിവിധ ദിവസങ്ങളിൽ സ്വകാര്യ വാഹനം വാടകയ്ക്ക് എടുത്ത വകയിൽ ശ്രീ.സജി ജോസഫ്, താന്നിക്കൽ, ഇളംകുളം എന്ന വ്യക്തിയ്ക്ക് താഴെ പറയും പ്രകാരം തുക അനുവദിച്ച് നൽകിയതായി കാണുന്നു.

| തീയതി | തുക | വൗച്ചർ നം. | ചെക്ക് നം. |
|---|---|---|---|
| 13.03.18 | 900 | 21800166/11.06.18 | 4684/11.06.18 |
| 15.03.18 | 1260 | | |
| 16.03.18 | 1080 | | |
| ആകെ | 3240 | | |

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരം 13.03.18, 15.03.18 തീയതികളിൽ നികുതി പിരിവിനായി പ്രസ്തുത വാഹനം ഉപയോഗിച്ചിട്ടുള്ളതായാണ് രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ വാഹനത്തിന് പുറമേ മറ്റൊരു വാഹനം കൂടി വാടകയ്ക്കെടുത്ത് നികുതി പിരിവ് നടത്തിയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1) നൂറ് ശതമാനം നികുതി പിരിവ് കൈവരിക്കുക എന്ന ഉദ്ദേശത്തോടെ ജീവനക്കാർ ഒരേ ദിവസം തന്നെ പല വാർഡുകളിൽ നികുതി പിരിവ് നടത്തിയതിനാലാണ് സ്വകാര്യ വാഹനം വാടകയ്ക്ക് എടുക്കേണ്ടി വന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ 13.03.18 തീയതിയിൽ ഔട്ട് ഡോർ കളക്ഷനൊന്നും ലഭിച്ചതായും കാണുന്നില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന് അധിക ചെലവ് വരുന്ന ഇത്തരം സാഹചര്യങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

### 3-2 വാഹനത്തിന്റെ അറ്റകുറ്റപ്പണി- നടപടിക്രമങ്ങൾ പാലിക്കുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജീപ്പിന് 2018-19 വർഷം അറ്റകുറ്റപ്പണികൾക്കായി ഏറ്റുമാനൂരിൽ പ്രവർത്തിക്കുന്ന മൈ മെക്കാനിക്ക് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ള തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | തുക |
|---|---|---|
| 1 | 21800032/11.04.18 | 7132 |
| 2 | 21800170/12.06.18 | 8671 |
| 3 | 21800200/28.06.18 | 3594 |
| 4 | 21800350/09.08.18 | 6635 |
| 5 | 21800617/05.11.18 | 16126 |
| 6 | 21800674/06.12.18 | 7988 |
| 7 | 21800892/13.02.19 | 5603 |
| 8 | 21801038/14.03.19 | 8680 |
| 9 | 21801073/21.03.19 | 6411 |

പ്രസ്തുത അറ്റകുറ്റപ്പണികൾക്കൊന്നും പ്രവൃത്തികളുടെ ആവശ്യകതാനിർണ്ണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. ഡ്രൈവറുടെ ആവശ്യപ്രകാരം അറ്റകുറ്റപ്പണികൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ ക്രമ നം.5 ൽ 16126/- രൂപയുടെ പ്രവൃത്തികൾ ചെയ്തുവെങ്കിലും മതിപ്പ് ചെലവ് കണക്കാക്കി മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. മേൽ നടപടികൾ ക്രമപ്രകാരമല്ല. ആയതിനാൽ വാഹനത്തിന്റെ പ്രധാന അറ്റകുറ്റപ്പണികൾക്ക് പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ എഞ്ചിനിയറുടെ ആവശ്യകതാനിർണ്ണയ സാക്ഷ്യപത്രം വാങ്ങേണ്ടതും 10000/- രൂപയിൽ അധികരിയ്ക്കുന്ന പ്രവൃത്തികൾക്ക് മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 3-3 ടെക്നിക്കൽ അസിസ്റ്റന്റിന്റെ ആർജ്ജിതാവധി ക്രമീകരിക്കേണ്ടതാണ്

പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് 15 ദിവസത്തെ ഡ്യൂട്ടിയ്ക്ക് ഒന്ന് എന്ന നിരക്കിൽ ഒരു വർഷം പരമാവധി 15 അവധിയെന്ന പരിധിയ്ക്ക് വിധേയമായി ആർജ്ജിതാവധിയ്ക്ക് അർഹതയുണ്ടെന്നും, ഇത്തരത്തിൽ ആർജ്ജിയ്ക്കുന്ന അവധിയിൽ നിന്നും അവധി വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയത് കുറച്ച് ബാക്കി 30 ൽ കവിയാതെ സറണ്ടർ ചെയ്യാവുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 05.01.2018 ലെ ഐബി1/344/2016-തസ്വഭവ നമ്പർ കത്തിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ എലിക്കുളം പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീമതി നിഖില ജയന്റെ സേവനപുസ്തകം പരിശോധിച്ചതിൽ 01.10.15 മുതൽ 31.03.16 വരെയുള്ള 6 മാസ കാലയളവിലേയ്ക്ക് ടിയാരി 15 ലീവുകൾ ആർജ്ജിച്ചതായി രേഖപ്പെടുത്തി കാണുന്നു. പ്രസ്തുത കാലയളവിന് ആനുപാതികമായി 7 അവധികൾക്ക് മാത്രമേ ടിയാരിയ്ക്ക് അർഹതയുള്ളു. അധികമായി അനുവദിച്ച 8 അവധികളുൾപ്പെടെ ക്രഡിറ്റിലുള്ള 30 അവധികൾ സറണ്ടർ ചെയ്ത് നൽകിയിട്ടുമുണ്ട്. അതിനുശേഷം 01.04.16 മുതൽ 30.03.17 വരെയുള്ള 364 ദിവസത്തേയ്ക്ക് 15 അവധികൾ ആർജ്ജിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിലും വർഷത്തിൽ 15 എന്ന കണക്കിൽ അവധി ആർജ്ജിയ്ക്കുകയും ആനുപാതികമായി ലീവ് സറണ്ടർ അനുവദിച്ചതിന്റെയും അടിസ്ഥാനത്തിൽ സേവനപുസ്തക പ്രകാരം ടിയാരിയ്ക്ക് 22.03.19ൽ ആർജ്ജിതാവധികളൊന്നും അവശേഷിക്കുന്നില്ല. നിലവിൽ അക്കൗണ്ടിലില്ലാത്ത 8 ആർജ്ജിതാവധികൾ ടിയാരിയ്ക്ക് അധികമായി സറണ്ടർ ചെയ്ത് നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ തുടർ വർഷത്തിൽ അവധി ആർജ്ജിക്കുമ്പോൾ അധികമായി നൽകിയ 8 അവധികൾ ക്രമീകരിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം സറണ്ടർ അനുവദിക്കേണ്ടതുമാണ്.

### 3-4 മരുന്നുകൾ ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 31/18-19 |
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 1,00,000 |
| ചെലവ് | 1,00,000 |
| ബിൽ നം. | 1/18-19/05.11.18 |
| സ്രോതസ്സ് | മെയിന്റനൻസ് ഫണ്ട്(റോഡിതരം) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റ് നടപ്പാക്കുന്നതിനായി 1,00,000/- രൂപ ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് 16.11.18 ൽ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകളൊന്നും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രോജക്റ്റിനായുള്ള 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-5 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്റ്റ് നിർവ്വഹണത്തിൽ അപാകതകൾ

1) പ്രോജക്റ്റ് നം. 23/18-19
അടങ്കൽ 3,00,000/-
ചെലവ് 2,20,825/-
2) പ്രോജക്റ്റ് നം. 158/18-19

ചെലവ് 3,99,566/- (ബിൽ നം.1/18-19/25.6.18)

97,434/- (ബിൽ നം.2/22.3.19)

ആകെ 4,97,000/-
നിർവ്വഹണോദ്യോഗസ്ഥ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ഭിന്നശേഷിയുള്ളവർ, വൃദ്ധർ എന്നിവർക്ക് കെൽട്രോണിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽക്യാമ്പ് നടത്തി ഡോക്ടർമാർ നിർദ്ദേശിക്കുന്ന ഉപകരണങ്ങൾ കെൽട്രോണിൽ നിന്നു തന്നെ വാങ്ങി അർഹരായ ഗുണഭോക്താക്കൾക്കു നൽകുകയെന്നതായിരുന്നു പ്രോജക്റ്റിന്റെ ഉദ്ദേശ്യം. എന്നാൽ മെഡിക്കൽക്യാമ്പ് നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കെൽട്രോൺ നൽകിയ ബിൽപ്രകാരം തുക നൽകിയെങ്കിലും വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. ഉപകരണങ്ങൾ ഗുണഭോക്താക്കൾക്കു വിതരണം ചെയ്തതിന്റെ ആധികാരികരേഖകൾ ഒന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അർഹരായ ഗുണഭോക്താക്കൾക്ക് ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ടോയെന്നും വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ടോയെന്നും പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് (എൻക്വയറി നം.8/15.06.18) മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചതിന്റെ രേഖകൾ കെൽട്രോണിന്റെ കൈവശമാണെന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിരിക്കുന്നത്. പ്രോജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ നിർവ്വഹണോദ്യോഗസ്ഥർ സൂക്ഷിക്കുകയും പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്യേണ്ട സാഹചര്യത്തിൽ ടി മറുപടി അംഗീകരിക്കത്തക്കതല്ല. ആയതിനാൽ, മേൽപരാമർശിച്ച പ്രോജക്റ്റുകൾക്കായുള്ള 7,17,825 (497000+220825) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-6 വീട് വാസയോഗ്യമാക്കൽ - സബ്സിഡി പരിമിതപ്പെടുത്തി നൽകുന്നു

ഗ്രാമപഞ്ചായത്തിൽ വീട് വാസയോഗ്യമാക്കുന്നതിനായി തൻവർഷം വി.ഇ.ഒ. ഇളങ്ങുളം നിർവ്വഹണ ഉദ്യോഗസ്ഥനായി പൊതു വിഭാഗം, പട്ടികജാതി വിഭാഗങ്ങളിലായി 2 പ്രോജക്റ്റുകൾ നടപ്പിലാക്കി (പ്രോജക്റ്റ് നം.50/18-19- വീട് വാസയോഗ്യമാക്കൽ- എസ് സി, 13/18-19-വീട് വാസയോഗ്യമാക്കൽ-ജനറൽ). പൊതു വിഭാഗം 30,000/- രൂപ വീതവും, പട്ടികജാതി വിഭാഗത്തിന് 1,50,000/- രൂപ വീതവുമാണ് ധനസഹായം നല്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 22/2018 ത.സ്വ.ഭ.വ.തീ.14.02.18 പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനായി നല്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്നപരിധി പൊതുവിഭാഗത്തിന് 1,00,000/- രൂപയും, പട്ടികജാതിവിഭാഗത്തിന് 1,50,000/- രൂപയുമാണ്. കൂടുതൽ പേർക്ക് ആനുകൂല്യം നല്കുന്നതിനാണ് ഇപ്രകാരം സബ്സിഡി പരിമിതപ്പെടുത്തി നല്കുന്നത്. തുച്ഛമായ സബ്സിഡി നല്കുന്നതിനാൽ ഗുണഭോക്താക്കൾക്ക് ഫലപ്രദമായ രീതിയിൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിയാതെ വരുന്നു. ഗുണഭോക്താക്കൾക്ക് പരമാവധി ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ പ്രോജക്റ്റ് ആസൂത്രണം ചെയ്ത്

നടപ്പിലാക്കണമെന്ന് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിരുന്നു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പഞ്ചായത്ത് ഭരണസമിതിയും ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

### 3-7 ലൈഫ് പാർപ്പിട പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ലൈഫ് പാർപ്പിട പദ്ധതി നടപ്പാക്കുന്നതിന് വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി ചുവടെ ചേർക്കും പ്രകാരം 2 പ്രോജക്ടുകൾ ആവിഷ്ക്കരിച്ചിരുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 212/18-19 -ലൈഫ് പാർപ്പിട പദ്ധതി (ജനറൽ) |
| അടങ്കൽ | 1,52,00,000 (2920200-വികസന ഫണ്ട്- സാധാരണം+39800-തനത് ഫണ്ട് + 1696228 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം + 795288-ജില്ലാ പഞ്ചായത്ത് വിഹിതം + 9748484 -വായ്പ) |
| ചെലവ് | 1,14,40,000 (2920200-വികസന ഫണ്ട്- സാധാരണം+ 1696228- ബ്ലോക്ക് പഞ്ചായത്ത് വിഹിതം+ 795288-ജില്ലാ പഞ്ചായത്ത് വിഹിതം+ 6028284-വായ്പ) |

| | |
|---|---|
| പ്രോജക്ട് നമ്പർ | 213/18-19 ലൈഫ് പാർപ്പിട പദ്ധതി (എസ്.സി) |
| അടങ്കൽ | 800000 (715000-എസ്.സി.പി ഫണ്ട്+5000-തനത് ഫണ്ട്+ 50079-ജില്ലാ പഞ്ചായത്ത് വിഹിതം + 29921-വായ്പ) |
| ചെലവ് | 400000- എസ്.സി.പി.ഫണ്ട് |

പ്രസ്തുത പദ്ധതികൾക്ക് ജനറൽ വിഭാഗത്തിൽ 38 ഗുണഭോക്താക്കളും എസ് സി വിഭാഗത്തിൽ 2 ഗുണഭോക്താക്കളുമാണുണ്ടായിരുന്നത്. ഭവന നിർമ്മാണത്തിന്റ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറക്ക് ഗുണഭോക്താവ് സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ പരിശോധന നടത്തി റിപ്പോർട്ട് ചെയ്യുന്നതിന്റെയടിസ്ഥാനത്തിലാണ് തുടർന്നുള്ള ഗഡു ധനസഹായം അനുവദിക്കേണ്ടത്. എന്നാൽ ഭവന നിർമ്മാണത്തിന്റെ പൂർത്തിയായ ഘട്ടങ്ങൾക്കെല്ലാം സ്റ്റേജ് സർട്ടിഫിക്കറ്റും പരിശോധന റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഭവനപൂർത്തീകരണം സംബന്ധിച്ച് കൃത്യമായി പരിശോധന നടത്തിയാണോ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചതെന്ന് വ്യക്തമല്ല. നിർവ്വഹണോദ്യോഗസ്ഥൻ പരിശോധനക്ക് ഹാജരാക്കിയ പട്ടിക പ്രകാരം ജനറൽ വിഭാഗത്തിൽ 17 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എസ്.സി വിഭാഗത്തിലെ 2 ഗുണഭോക്താക്കൾ 2 ലക്ഷം രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ മേൽ പരാമർശിച്ച അപാകത കാരണം പൂർത്തീകരണത്തിന്റെ കൃത്യത പരിശോധിച്ച് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. അപാകതകൾ ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11) ലഭ്യമാക്കിയ മറുപടിയിൽ സ്റ്റേജ് സർട്ടിഫിക്കറ്റുകളും പരിശോധന റിപ്പോർട്ടും പരിശോധനക്ക് ഹാജരാക്കാമെന്ന് നിർവഹണോദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. ചെലവിനാധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

### 3-8 ശബരിമല സ്പെഷ്യൽ ഗ്രാന്റ് - വിനിയോഗത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

ശബരിമല ഇടത്താവളങ്ങളായി ഉപയോഗിക്കുന്ന ക്ഷേത്രങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ച് തീർത്ഥാടകർക്ക് പരമാവധി സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് ശബരിമല സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കുന്നത്. എന്നാൽ 2018-19 വർഷം നടപ്പാക്കിയ താഴെപറയുന്ന പ്രോജക്ടുകൾ മേല്പറഞ്ഞ ലക്ഷ്യപ്രാപ്തിയ്ക്ക് ഉതകുന്നതല്ല.

പ്രോജക്ട് നം.169/19

എലിക്കുളം ശ്രീഭഗവതിക്ഷേത്രത്തിൽ ശുചിമുറി നിർമ്മാണം

ചെലവ് - 2,54,171

പ്രോജക്ട് നം.211/19

എലിക്കുളം ശ്രീഭഗവതി ക്ഷേത്രത്തിൽ ശബരിമലതീർത്ഥാടകർക്ക് അടിസ്ഥാനസൗകര്യവികസനം

ചെലവ് - 1,76,823

മേല്പറഞ്ഞ രണ്ടു പ്രോജക്ടുകൾ പ്രകാരവും നിർമ്മിച്ചിട്ടുള്ള ശുചിമുറികൾ ക്ഷേത്രത്തിനു സമീപമുള്ള എൻ എസ് എസ് കരയോഗം വക എം.ജി.യു.പി.സ്ക്കൂളിന്റെ ശുചിമുറികളോട് ചേർന്നാണ് നിർമ്മിച്ചിരിക്കുന്നത്. ക്ഷേത്രപരിസരത്തുനിന്ന് അകന്നു സ്ഥിതി ചെയ്യുന്ന സ്ക്കൂളിന്റെ ഭാഗമായി നിർമ്മിച്ചിരിക്കുന്ന ശുചിമുറികൾ ശബരിമല തീർത്ഥാടകർക്ക് ഉപകരിക്കത്തക്കതല്ല. മാത്രമല്ല ക്ഷേത്രം പ്രധാനറോഡിൽ നിന്ന് അകന്ന് സ്ഥിതി ചെയ്യുന്നതിനാൽ ശബരിമല തീർത്ഥാടകർക്ക് വിശ്രമകേന്ദ്രം എന്ന നിലയിൽ പരിഗണിക്കാൻ കഴിയാത്തതുമാണ്.

പ്രോജക്ട് നം.209/19

ഉരുളികുന്നം പുലിയന്നൂർക്കാട്ട് ധർമ്മശാസ്താക്ഷേത്രത്തിൽ ടോയ്‌ലറ്റ്, കുടിവെള്ള ടാങ്ക് നിർമ്മാണം

ചെലവ് - 148252

ഈ ക്ഷേത്രവും പ്രധാനറോഡിൽ നിന്ന് അകന്നുസ്ഥിതി ചെയ്യുന്നതാണ്. പ്രോജക്ട് പ്രകാരം നിർമ്മിച്ച രണ്ട് ടോയ്‌ലറ്റുകളും സ്ഥലപരിമിതി മൂലം ഇടുങ്ങിയതാണ്.

പ്രധാനറോഡിൽ സ്ഥിതി ചെയ്യുന്ന ഇളങ്ങുളം ശ്രീധർമ്മശാസ്താക്ഷേത്രം, മുത്താരമ്മൻ കോവിൽ എന്നീ ക്ഷേത്രങ്ങളാണ് ശബരിമല തീർത്ഥാടകർ പ്രധാനമായും ഇടത്താവളങ്ങളായി ഉപയോഗിക്കുന്നത്. ശബരിമല സ്പെഷ്യൽ ഗ്രാന്റ് സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-9 നിക്ഷേപ പ്രവൃത്തികൾ -വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന വിവിധ നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെ വിനിയോഗസാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, നമ്പർ | വൗച്ചർ നം., തീയതി | കൈമാറിയ നൽകിയ തുക |
|---|---|---|---|
| കെൽട്രോൺ, തിരുവനന്തപുരം | സോളാർ ലൈറ്റ് സ്ഥാപിക്കൽ-148/18-19 | 21800615/05.11.2018 | 107310 |
| കെ എസ് ഇ ബി | ഞണ്ടുപാറ കുടിവെള്ള പദ്ധതി പൂർത്തീകരണം-217/18-19 | 21800620/05.11.2018 | 120726 |
| ഭൂജല വകുപ്പ് | ഹോമിയോ ആശുപത്രി, വിവിധ അങ്കണവാടികളിൽ കുഴൽകിണർ നിർമ്മാണം-07/18-19 | 21800175/14.05.2018 | 840000 |
| ഭൂജല വകുപ്പ് | ചാത്തമല കോളനിയിൽ കുഴൽകിണർ നിർമ്മാണം-238/18-19 | 21801096/27.02.2019 | 40000 |
| | | 21801097/27.02.2019 | 28740 |
| ഭൂജല വകുപ്പ് | വിവിധ സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മാണം-225/18-19 | 21801118/20.03.2019 | 326758 |
| ഭൂജല വകുപ്പ് | വിവിധ സ്ഥലങ്ങളിൽ കുഴൽകിണർ മെയിന്റനൻസ്-237/18-19 | 21801123/23.03.2019 | 306446 |
| ആകെ | | | 17,69,980 |

വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ 17,69,980/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, | 27/07/2018 | 1696228 | ലൈഫ് ഭവന പദ്ധതി- ജനറൽ വിഹിതം- | 1696228 | 0 |

| | | | | | |
|---|---|---|---|---|---|
| പാമ്പാടി | | | | | |
| ബ്ലോക്ക് പഞ്ചായത്ത്, പാമ്പാടി | 27/07/2018 | 150000 | പാലിയേറ്റീവ് കെയർ പദ്ധതി | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, പാമ്പാടി | 22/11/2018 | 71875 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 71875 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, പാമ്പാടി | 01/01/2019 | 500000 | വെള്ളാംകാവ് കുളം ജലസേചന പദ്ധതി | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത്, പാമ്പാടി | 01/01/2019 | 150000 | ഞണ്ടുപാറ കുടിവെള്ള പദ്ധതി പൂർത്തീകരണം | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, പാമ്പാടി | 01/01/2019 | 200000 | പാലുമടക്കൽഭാഗം പുതിയിടം സൈഡ്കെട്ട് | 155042 | 44958 |
| ബ്ലോക്ക് പഞ്ചായത്ത്, പാമ്പാടി | 06/03/2019 | 250000 | കാണിക്കമണ്ഡപം തോട്ടുങ്ങൽ പാലം നിർമ്മാണം | | 250000 |
| ബ്ലോക്ക് പഞ്ചായത്ത്, പാമ്പാടി | 26/03/2019 | 56000 | ലൈഫ് ഭവന പദ്ധതി(എസ് സി വിഹിതം) | | 56000 |
| **ആകെ** | | | | **2223145** | **850958** |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 22/09/2018 | 50079 | ലൈഫ് ഭവന പദ്ധതി(എസ് സി വിഹിതം) | 0 | 50079 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 22/09/2018 | 39937 | ലൈഫ് ഭവന പദ്ധതി(എസ് റ്റി വിഹിതം) | | 39937 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 22/09/2018 | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 400000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 22/09/2018 | 225000 | അങ്കണവാടി പോഷകാഹാര വിതരണം | 225000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 25/09/2018 | 795288 | ലൈഫ് ഭവന പദ്ധതി(ജനറൽ വിഹിതം)ലൈഫ് ഭവന പദ്ധതി(എസ് സി വിഹിതം) | 795288 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 29/03/2019 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 06/03/2019 | 400000 | കാണിക്കമണ്ഡപം തോട്ടുങ്ങൽ പാലം നിർമ്മാണം | 0 | 400000 |
| **ആകെ** | | | | **1520288** | **490016** |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകി.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെൽട്രോൺ, തിരുവനന്തപുരം | സോളാർ ലൈറ്റ് സ്ഥാപിക്കൽ-148/18-19 | 21800615/05.11.2018 | 107310 | 0 | 107310 |
| കെ എസ് ഇ ബി | ഞണ്ടുപാറ കുടിവെള്ള പദ്ധതി പൂർത്തീകരണം-217/18-19 | 21800620/05.11.2018 | 120726 | 0 | 120726 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ഭൂജല വകുപ്പ് | ഹോമിയോ ആശുപത്രി, വിവിധ അങ്കണവാടികളിൽ കുഴൽകിണർ നിർമ്മാണം-07/18-19 | 21800175/14.05.2018 | 840000 | 0 | 840000 |
| ഭൂജല വകുപ്പ് | ചാത്തമല കോളനിയിൽ കുഴൽകിണർ നിർമ്മാണം-238/18-19 | 21801096/27.02.2019 | 40000 | 0 | 40000 |
| | | 21801097/27.02.2019 | 28740 | 0 | 28740 |
| ഭൂജല വകുപ്പ് | വിവിധ സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മാണം-225/18-19 | 21801118/20.03.2019 | 326758 | 0 | 326758 |
| ഭൂജല വകുപ്പ് | വിവിധ സ്ഥലങ്ങളിൽ കുഴൽകിണർ മെയിന്റനൻസ്-237/18-19 | 21801123/23.03.2019 | 306446 | 0 | 306446 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | ബാങ്ക്/ ലോൺ അക്കൗണ്ട് നം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻ വർഷെ എടുത്ത ലോൺ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന വായ്പ | ജി.ഒ. (ആർ.ടി.) നം.1031/2010/ തസ്വഭവ 13.04.2010 | 10500000 | ജില്ലാ സർവ്വീസ് സഹകരണ ബാങ്ക് , പൊൻകുന്നം ശാഖ | 1324789 | 0 | 230000 | 0 | 1094789 |
| ലൈഫ് ഭവന പദ്ധതി- കെ യു അർ ഡി എഫ് സി ലോൺ | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018, കരാർ നം.04/18-19 | 97,48,484 | കെ യു അർ ഡി എഫ് സി | 0 | 6028284 | 0 | 0 | 6028284 |
| ആകെ | | | | | | | | 7123073 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 10000000 |

| | |
|---|---|
| ആകെ | 10000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000000 |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | സർവ്വീസ് സഹകരണ ബാങ്ക്, ഇളങ്ങുളം(നം.6546/01.01.2019) | 01.01.2019 | 01.01.2019-30.06.2019 | 5000000 | --- |
| 2 | സർവ്വീസ് സഹകരണ ബാങ്ക്, ഇളങ്ങുളം(നം.6547/01.01.2019) | 01.01.2019 | 01.01.2019-30.06.2019 | 5000000 | --- |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം.,തീയതി |
|---|---|---|---|---|
| 2013-14-2014-15 | 2.1 | 900 | സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക്, ഇളങ്ങുളം | 1181001023/12.09.2018 |
| 2017-18 | 2.5(എ) | 16000 | ഗ്ലെൻ റോക്ക് റബ്ബേഴ്സ് | 118100500014/22.12.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 84168796 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 67280419 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | : | 817825 |

(ബി) **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം : ഇല്ല</u>**

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 100000 | ഡോ.സഫിയ എം., മെഡിക്കൽ ഓഫീസർ, ഹോമിയോ |
| | | |

| | | |
|---|---|---|
| 3-5 | 7,17,825 | സബിനിസ ജെ., ഐ സി ഡി എസ് സൂപ്പർവൈസർ |
| ആകെ | 817825 | |

(സി) **<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം</u> : ഇല്ല**

(ഡി) **<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u> : ഇല്ല**

(ഇ)**<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u> : ഇല്ല**

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01, 2001-02 ജനകീയാസൂത്രണം | കെ.എസ്.എ.കെ.ടി.എം പി13/ അദ18/197(1)/2.2.18 | 3 |
| 2005-06 | കെ.എസ്.എ.കെ.ടി.എം പി13/ അദ18/197(1)/2.2.18 | 11 |
| 2006-07 | കെ.എസ്.എ.കെ.ടി.എം പി13/ അദ18/197(4)/27.2.18 | 4 |
| 99-00ചെലവ് | എൽ.എഫ്.കെ.പി.6/55/03/16.6.03/10.10.03 | 27 |
| 2009-10 | കെ.എസ്.എ.കെ.ടി.എം പി13/ അദ18/197(5)/27.2.18 | 4 |
| 2010-11 ,11-12 | കെ.എസ്.എ.കെ.ടി.എം പി13/ അദ18/197(6)/27.2.18 | 4 |
| 2012-13 | കെ.എസ്.എ.കെ.ടി.എം പി13/891/18/25.6.18 | 5 |
| 2013-14&2014-15 | കെ.എസ്.എ-കെ.ടി.എം.പി.13-890/2018/30.05.18 | 8 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.13/889/2018/22.05.18 | 6 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.13/888/2018/24.5.18 | 12 |
| 2017-18 | കെ.എസ്.എകെ.ടി.എം.പി.12/1813/2018/ 12.10.18 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

<u>അനുബന്ധം -1</u>
<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ-കെ.ടി.എം.പി.13/933/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 12.07.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**